# KERALA POLICE INFORMATION CENTRE

No.06/PR/PIC/PHQ/10 Date : 13/01/10

## അപകടങ്ങൾ ഉണ്ടാകുമ്പോൾ സംയമനം പാലിക്കണം

വാഹനാപകടങ്ങൾ ഉണ്ടാകുന്നത് കഴിയുന്നതും തടയാൻ പോലീസ് ശ്രമിക്കുന്നുണ്ട്. പോലീസിന്റെ ഈ ശ്രമത്തിന് ഏറ്റവും ആവശ്യം പൊതുജനങ്ങളുടെ സഹകരണമാണ്.

അപകടകരമായി വാഹനം ഓടിക്കുന്നത് കണ്ടാൽ അത് പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്താൻ പൊതുജനങ്ങൾ മുൻകൈയെടുക്കണം. അപകടം വരുത്തുന്ന രീതിയിൽ വാഹനം ഓടിക്കുന്ന ഡ്രൈവർമാർക്കെതിരെ പരാതി അപ്പോഴപ്പോൾത്തന്നെ നൽകണം. ഹൈവേ അലർട്ട് **(9846100100)** നമ്പരിൽ വിളിച്ച് ഉടൻതന്നെ വിവരം അറിയിക്കാവുന്നതാണ്. കൂടാതെ ഏതെങ്കിലും ദൃശ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അത് പകർത്തി കേരളപോലീസിന്റെ ഇ-മെയിൽ **(citizenswatch@keralapolice.gov.in)** അഡ്രസിലേക്ക് അയച്ചുതരാവുന്നതാണ്.

അപകടകരമായ സ്ഥിതിഗതികൾ ഒരു പ്രദേശത്തുണ്ടെങ്കിൽ ആ കാര്യം ജില്ലാ റോഡ് സേഫ്റ്റി കൗൺസിലിന്റെയും മറ്റും ശ്രദ്ധയിൽ കൊണ്ടു വരാവുന്നതാണ്. അപകടങ്ങൾ ഉണ്ടാക്കുന്ന ആളുകൾക്കെതിരെ സാക്ഷിപറയുവാനും തെളിവുനൽകുവാനും മുന്നോട്ട് വരുന്നതാണ് അവരെ ശിക്ഷിക്കാൻ ലഭിക്കുന്ന ഏറ്റവും നല്ല മാർഗ്ഗം.

അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ പലയിടത്തും രോഷാകുലരായ ജനങ്ങൾ അക്രമപ്രവർത്തനങ്ങളും പൊതുമുതൽ നശിപ്പിക്കലും നടത്തുന്നതായി കാണുന്നു. ഇത് തെളിവുകൾ നശിപ്പിക്കപ്പെടാനും സമൂഹത്തിൽ അരാജകത്വമുണ്ടാക്കുവാനും മാത്രമേ ഉപകരിക്കൂ.

അപകടങ്ങൾക്കിരയായവരെ ആശുപത്രിയിൽ എത്തിക്കുക എന്ന ദൗത്യമാണ് ഓരോ പൗരനും ആദ്യം ഏറ്റെടുക്കേണ്ടത്. അപകടത്തിനിരയായവരെ ആശുപത്രിയിലെത്തിക്കുന്ന ആളുകളെ ഒരു കാരണവശാലും പോലീസ് ബുദ്ധിമുട്ടിക്കരുത് എന്ന് പോലീസ് ആസ്ഥാനത്തുനിന്ന് പോലീസ് ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നകാര്യം ഒരിക്കൽക്കൂടി ജനങ്ങളുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരികയാണ്. അപകടം ഉണ്ടായാലുടൻ പോലീസിൽ വിവരം അറിയിക്കുകയും അപകടത്തിനിരയായവരെ ആശുപത്രിയിൽ എത്തിക്കുകയും സ്ഥലത്തുള്ള തെളിവുകൾ നശിച്ചുപോകാതെ അവിടം സംരക്ഷിക്കുകയും ചെയ്യാൻ പൗരന്മാർ തന്നെ മുൻകൈയെടുക്കുന്ന ഒരു പൊതുസമൂഹമാണ് അപകടങ്ങൾ ഇല്ലാതാകുന്നതിന് നമുക്ക് ആവശ്യം.

The contents of this document may be deemed to be based on received information which is subject to further verification